## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3752 — 20.10.2016-ൽ മറുപടിക്ക്

## മണൽ വാരാൻ അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ. റഹീം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചാലിയാറിന്റെ മലപ്പുറം ജില്ലയിലെ കടവുകളിൽ മണൽ വാരാൻ അനുമതി നൽകുകയും കോഴിക്കോട് ജില്ലയുടെ ഭാഗത്തുനിന്നുള്ള കടവുകളിൽ മണൽ വാരലിന് നിയന്ത്രണ മേർപ്പെടുത്തുകയും ചെയ്ത നടപടി ന്യായീകരിക്കത്തക്കതാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ചാലിയാർ പുഴയിൽ സാന്റ് ഓഡിറ്റിംഗ് പഠനം നടത്തിയത് മലപ്പുറം ജില്ലയിൽ നിലമ്പൂർ പഞ്ചായത്തിന്റെ പരിധിയിലുള്ള മൈലാട് പാലം മുതൽ കോഴിക്കോട് ജില്ലയിൽ മാവൂർ പഞ്ചായത്തിന്റെയും മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിന്റെയും പരിധിയിൽ വരുന്ന കവണക്കല്ല് റെഗുലേറ്റർ വരെയുള്ള 53 കി.മീ നദീഭാഗത്താണ്. കവണക്കല്ല് റെഗുലേറ്ററിനു താഴോട്ടുള്ള ഭാഗം തീരദേശ നിയന്ത്രണ മേഖലയായതിനാലും മൈലാടി പാലത്തിനു മുകളിലേക്കുള്ള പ്രദേശം കൂടുതലായും വനമേഖലയായതിനാലും ആണ് പ്രസ്തുത പരിധിക്കുള്ളിൽ പഠനം നടത്തിയത്. പ്രസ്തുത പഠന പരിധിയിൽ കോഴിക്കോട് ജില്ലയിൽ ചാലിയാർ പുഴയുടെ 10 കി.മീ വരുന്ന വലതുകര മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ, ചാത്തമംഗലം, മാവൂർ എന്നീ പഞ്ചായത്തുകളാണ് ഉൾപ്പെടുന്നത്. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഈ 10 കി.മീ പരിധിയിൽ ഇരുകരകളിലും സമ്മർ ജലനിരപ്പിനു മുകളിൽ മണൽ ഉള്ളതായി ഫീൽഡ് പഠനത്തിലും ഫീൽഡ് പരിശോധനയിലും കാണുന്നില്ല. ഈ 10 കി.മീ പരിധിയിൽ വരുന്ന എതിർ വശത്തെ മലപ്പുറം ജില്ലയുടെ വാഴക്കാട് പഞ്ചായത്തിലും സമ്മർ ജലനിരപ്പിനു മുകളിൽ മണൽ ഉള്ളതായി കാണുന്നില്ല. ആയതിനാൽ ഈ ഇരുകരകളിൽ വരുന്ന പഞ്ചായത്തുകൾക്കും മണൽ വാരാൻ അനുമതി നൽകിയിട്ടില്ല. |
| (ബി)<br><br><br><br>(സി) | ഇതു സംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ പതിനൊന്ന് എം.എൽ.എ. മാർ ഒപ്പിട്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br><br>35284/P3/2016/R.D. നമ്പർ ഫയലിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ? | (ബി) യും<br><br>(സി) യും | 06.06.15-ലെ ജി.ഒ(എം.എസ്) നം.229/ 2015/റവ, 12.02.2016-ലെ ജി.ഒ (എം.എസ്) നം.114/16/റവ എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ച് കൊണ്ട് ചാലിയാർ പുഴയിലെ മണൽ ലഭ്യത സംബന്ധിച്ച സർക്കാർ തീരുമാനത്തിൽ അപാകത ഉണ്ടെന്നും ആയതിനാൽ തുടർ പഠനങ്ങൾ നടത്തി മണൽ വാരലിന് നിയന്ത്രണം ഏർപ്പെടുത്തണം എന്നുള്ളതാണ് കോഴിക്കോട് ജില്ലയിലെ 11 എം.എൽ.എ മാർ ഒപ്പിട്ട് നൽകിയ നിവേദനത്തിലെ ആവശ്യം. സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സ് ഡവലപ്മെന്റ് (CSRD, Thrissur) പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചാലിയാർ പുഴയിലെ വിവിധ പഞ്ചായത്തുകളുടെ മണൽ ലഭ്യത സംബന്ധിച്ച് പുറപ്പെടുവിച്ച 06.06.2015-ലെ ജി.ഒ(എം.എസ്) 229/2015/ആർ.ഡി ഉത്തരവിൽ ഗുരുതരമായ പിഴവുകൾ കടന്നു കൂടിയിരുന്നു. പ്രസ്തുത ഉത്തരവിനെ ചോദ്യം ചെയ്ത് ബഹു.ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നം.28751/2015 ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി 23.09.2015-ലെ വിധിന്യായ പ്രകാരം പ്രസ്തുത സർക്കാർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുന:പരിശോധിക്കാൻ ഉത്തരവിടുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 06.06.2015-ലെ ഉത്തരവും CSRD യുടെ പഠന റിപ്പോർട്ടും വീണ്ടും പരിശോധിക്കുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 06.06.2015-ലെ സർക്കാർ ഉത്തരവിലെ ക്രമ നമ്പർ 1-ൽ പറഞ്ഞിരിക്കുന്ന Vazhakkad Right Bank-ലെ മണൽ ലഭ്യതയായി മാർക്ക് ചെയ്തിരിക്കുന്ന 73053.99 ക്യൂബിക് മീറ്റർ എന്നത് ചീക്കോട്, കീഴ്പ്പറമ്പ് എന്നീ പഞ്ചായത്തുകളിൽ 36526.99 ക്യൂബിക് മീറ്റർ വീതം വച്ച് വരേണ്ടതായിരുന്നു എന്നും എടവണ്ണ പഞ്ചായത്തിന്റെ മണൽ ലഭ്യതയായി കാണിച്ചിരുന്ന 1,30,128.19 ക്യൂബിക് മീറ്റർ എന്നതിനു പകരം (84158.25+45969.94) 108.140.516 ക്യൂബിക് മീറ്റർ എന്നാണ് വരേണ്ടിയിരുന്നതെന്നും മാമ്പാട് പഞ്ചായത്തിന്റെ മണൽ ലഭ്യതയായി കാണിച്ചിരുന്ന 132900 ക്യൂബിക് മീറ്റർ (120017.21+12882.82) നു പകരം 140496.23 ക്യൂബിക് മീറ്റർ ആണ് വരേണ്ടിയിരുന്നതെന്നും മണൽ ലഭ്യത "NIL" എന്ന് കാണിച്ചിരുന്ന ചാലിയാർ പഞ്ചായത്തിൽ 14391.55 ക്യൂബിക് മീറ്റർ മണൽ ലഭ്യത ഉണ്ട് എന്ന് കാണിക്കേണ്ടിയിരുന്നു എന്നു കണ്ടെത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മാറ്റങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് 12.02.2016-ന് G.O(Ms) No.114/RD പുറപ്പെടുവിക്കുകയുണ്ടായി. സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സസ് ഡവലപ്മെന്റ് (CSRD, Thrissur) സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ പരിശോധിച്ചതിൽ മണൽ ലഭ്യത സംബന്ധിച്ച് ഓരോ പഞ്ചായത്ത് തലത്തിലും കൺസോളിഡേറ്റ് ചെയ്ത പട്ടിക ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. മൂന്ന് വർഷത്തിലൊരിക്കൽ സാന്റ് ഓഡിറ്റ് നടത്തേണ്ടതുള്ളതിനാൽ അടുത്ത രണ്ട് വർഷത്തിനകം തന്നെ പുതിയതായി സാന്റ് ഓഡിറ്റിംഗ് നടത്തുമ്പോൾ ബഹു.അംഗങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്ന പ്രസക്തമായ കാര്യങ്ങൾ കൂടി പരിഗണിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ കൺസോളിഡേറ്റ് ചെയ്ത മണൽ ലഭ്യത സംബന്ധിച്ച പട്ടിക ഉൾപ്പെടെ വ്യക്തവും വിശദവുമായ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഉള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പഠനം നടത്തുന്നതിന് നിയോഗിക്കുന്ന സമിതികൾക്കു നൽകുന്നതിനും പഠന റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ ജാഗ്രതാ പൂർണ്ണമായ സമീപനം സ്വീകരിച്ച് ഉത്തരവിൽ ഉൾപ്പെടുത്തുന്ന കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തിക്കൊണ്ടായിരിക്കണം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതെന്ന കർശന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ